# മലയാളം

1. ദണ്ഡകം പ്രത്യക്ഷപ്പെടുന്ന സാഹിത്യശാഖ
   - (A) ചമ്പുവും നാടകവും
   - (B) ആട്ടക്കഥയും ചമ്പുവും
   - (C) നാടകവും ആട്ടക്കഥയും
   - (D) ആട്ടക്കഥയും മഹാകാവ്യവും

2. ഫാദർ ജരാർദിന്റെ പേരുമായി ബന്ധപ്പെട്ടത്
   - (A) നിഘണ്ടു നിർമ്മാണം
   - (B) വ്യാകരണ രചന
   - (C) അലങ്കാര ശാസ്ത്രം
   - (D) മിഷണറി മലയാളം

3. കമ്പരാമായണത്തിന് മലയാള വിവർത്തനം തയ്യാറാക്കിയത്
   - (A) ഡോ. എസ്.കെ. നായർ
   - (B) രമേശൻ നായർ
   - (C) വെണ്ണിക്കുളം ഗോപാലക്കുറുപ്പ്
   - (D) ജി. ബാലകൃഷ്ണൻ നായർ

4. 'വായാസി പറയിച്ചൊന്നിളക്കിവെച്ചുറപ്പിച്ചേൻ'
   നളചരിതത്തിലെ ഏതു കഥാപാത്രം
   - (A) നളൻ
   - (B) ദമയന്തി
   - (C) നാരദൻ
   - (D) ഹംസം

5. 'കലഹിനീദമനകം' ഏതു വിദേശ നാടകത്തിന്റെ പരിഭാഷയാണ് ?
   - (A) ടേമിങ് ഓഫ് ദി ഷ്രൂ
   - (B) ദി ടെമ്പസ്റ്റ്
   - (C) ആപ്പിൾ കാർട്ട്
   - (D) മാസ്റ്റർ ബിൽഡർ

6. ചേരുംപടി ചേർക്കുക.

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| (a) | നവയുഗഭാഷാ നിഘണ്ടു | 1. | ആർ. നാരായണപ്പണിക്കർ |
| (b) | ശബ്ദസാഗരം | 2. | ശൂരനാട്ടു കുഞ്ഞൻ പിള്ള |
| (c) | നവീന ഭാഷാ നിഘണ്ടു | 3. | ബി.സി. ബാലകൃഷ്ണൻ |
| (d) | മലയാളം ലക്സിക്കൺ | 4. | സി. മാധവൻ പിള്ള |
| | | 5. | ശ്രീകണ്ഠേശ്വരം |

   - (A) a 1, b 3, c 4, d 2
   - (B) a 5, b 3, c 2, d 1
   - (C) a 3, b 2, c 5, d 1
   - (D) a 1, b 4, c 3, d 2

7. സോപാന സംഗീതത്തിലൂടെ ശ്രദ്ധേയനായ കലാകാരൻ ?

(A) ശെമ്മാങ്കുടി (B) ഷഡ്കാല ഗോവിന്ദ മാരാർ

(C) വെങ്കടകൃഷ്ണ ഭാഗവതർ (D) ഞെരളത്തു രാമപ്പൊതുവാൾ

8. ക്രമത്തിലെഴുതുക.

(A) പാട്ടബാക്കി, നമ്മളൊന്ന്, ഇതു ഭൂമിയാണ്, പുലിജന്മം

(B) നമ്മളൊന്ന്, ഇതു ഭൂമിയാണ്, പുലിജന്മം, പാട്ടബാക്കി

(C) പുലിജന്മം, ഇതു ഭൂമിയാണ്, നമ്മളൊന്ന്, പാട്ടബാക്കി

(D) ഇതു ഭൂമിയാണ്, പുലിജന്മം, പാട്ടബാക്കി, നമ്മളൊന്ന്

9. 'തൊമ്മനയയുമ്പോൾ ചാണ്ടി മുറുകും-
ചാണ്ടി അയയുമ്പോൾ തൊമ്മൻ മുറുകും.' – ഇതിലെ ശബ്ദ പ്രാസമേത് ?

(A) അന്ത്യ പ്രാസം (B) ദ്വിതീയാക്ഷര പ്രാസം

(C) അനു പ്രാസം (D) ലാടാനു പ്രാസം

10. ചേരുംപടി ചേർക്കുക.

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| (a) | സാമ്യോക്തി | 1. | ഉല്ലേഖം |
| (b) | വാസ്തവോക്തി | 2. | അനന്വയം |
| (c) | ശ്ലേഷോക്തി | 3. | പര്യായം |
| (d) | അതിശയോക്തി | 4. | വക്രോക്തി |

(A) a 4, b 3, c 2, d 1 (B) a 2, b 3, c 4, d 1

(C) a 3, b 2, c 4, d 1 (D) a 2, b 3, c 1, d 4

11. ചേരുംപടി ചേർക്കുക.

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| (a) | ഉൽപത്തി വാദം | 1. | ശ്രീ ശംപുകൻ |
| (b) | അനുമതി വാദം | 2. | ഭട്ടലോല്ലടൻ |
| (c) | ഭക്തി വാദം | 3. | അഭിനവ ഗുപ്തൻ |
| (d) | അഭിവ്യക്തി വാദം | 4. | ഭട്ടനായകൻ |
| | | 5. | മഹിമ ഭട്ടൻ |

(A) a 2, b 1, c 4, d 3 (B) a 1, b 2, c 4, d 3

(C) a 3, b 2, c 1, d 4 (D) a 1, b 4, c 3, d 2

12. പ്രതീതി (sense), അനുഭൂതി (feeling), താനം (tone), ഉദ്ദേശ്യം (intention) ഇവ കാവ്യ ഭാഷയുടെ ആവശ്യ ഘടകങ്ങളായി ചൂണ്ടിക്കാണിച്ച സൈദ്ധാന്തികൻ ?

(A) ടി. എസ്. എലിയട്ട് (B) റൊളാങ് ബാർത്ത്

(C) മിഖായൽ ബക്തിൻ (D) ഐ.എ. റിച്ചാർഡ്സ്

**13.** ശോകഃ ശ്ലോകത്വമാഗതഃ - ആരുടെ വരികൾ ?

(A) വാല്മീകി (B) അഭിനവ ഗുപ്തൻ

(C) ആനന്ദ വർധനൻ (D) കാളിദാസൻ

**14.** നാലു കാലുള്ളോരു നങ്ങേലിപ്പെണ്ണിനേ
കോലു നാരായണൻ കട്ടോണ്ടുപോയ് – വൃത്തമേത് ?

(A) തരംഗിണി (B) നതോന്നത

(C) കേക (D) മഞ്ജരി

**15.** 'വിരുദ്ധ വസ്തുതകളുടെ ഐക്യത്തിലാണ് ഭാവന കുടികൊള്ളുന്നത്' – ഈ നിരീക്ഷണം ?

(A) വേർഡ്സ്വർത്ത് (B) ഐ.എ. റിച്ചാർഡ്സ്

(C) പി.ബി. ഷെല്ലി (D) കോൾറിഡ്ജ്

**16.** ചേരുംപടി ചേർക്കുക.

| **പട്ടിക – I** | | **പട്ടിക – II** | |
|---|---|---|---|
| (a) | സി.ജെ. യുങ് | 1. | മെറ്റോണമി |
| (b) | ലകാൻ | 2. | ദി ഡത്ത് ഓഫ് ദി ഓഥർ |
| (c) | റോളാങ് ബർത്ത് | 3. | ദ റച്ചഡ് ഓഫ് ദി എർത്ത് |
| (d) | ഫ്രാൻസ് ഫനൻ | 4. | ആർക്കീടൈപ്പ് |

(A) a 3, b 2, c 1, d 4 (B) a 1, b 3, c 2, d 4

(C) a 4, b 1, c 2, d 3 (D) a 4, b 3, c 1, d 2

**17.** നോവലിന്റെ കാലക്രമമനുസരിച്ച് കഥാപാത്രങ്ങളെ ക്രമപ്പെടുത്തുക.

(A) വൈത്തിപ്പട്ടർ, മായൻ, ദാസൻ, ഫ്രാൻസിസ് ഇട്ടിക്കോര

(B) മായൻ, ദാസൻ, വൈത്തിപ്പട്ടർ, ഫ്രാൻസിസ് ഇട്ടിക്കോര

(C) വൈത്തിപ്പട്ടർ, ദാസൻ, മായൻ, ഫ്രാൻസിസ് ഇട്ടിക്കോര

(D) ദാസൻ, മായൻ, വൈത്തിപ്പട്ടർ, ഫ്രാൻസിസ് ഇട്ടിക്കോര

**18.** മകനെ തൂക്കിലേറ്റുന്നതിന്റെ തലേന്ന് ജയിലിലെത്തി പൊതിച്ചോറുക്കൊണ്ട് അവന് ശ്രാദ്ധമൂട്ടിയ അച്ഛന്റെ കഥപറയുന്ന ഒ.വി. വിജയന്റെ ചെറുകഥ.

(A) ചെങ്ങന്നൂർ വണ്ടി (B) കടൽ തീരത്ത്

(C) അരിമ്പാറ (D) പ്രയാണം

**19.** 'ഈ നോവലിൽ കന്യകയോ വനമോ ഇല്ല' – പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ കന്യാവനങ്ങൾ എന്ന നോവലിനെക്കുറിച്ചുള്ള ഈ നിരീക്ഷണം ആരുടേത് ?

(A) എം. എൻ. കാരശ്ശേരി (B) എം. എം. ബഷീർ

(C) പി. കെ. രാജശേഖരൻ (D) ഷാജി ജേക്കബ്ബ്

20. ചേരുംപടി ചേർക്കുക.

| പട്ടിക – I | | പട്ടിക – II | |
|---|---|---|---|
| (a) | ധർമ്മരാജ | 1. | പ്രേമാ ജയകുമാർ |
| (b) | ഇന്ദുലേഖ | 2. | ആർ.ഇ. ആഷർ |
| (c) | പാത്തുമ്മായുടെ | 3. | ജി.എസ്. അയ്യർ |
| (d) | രാമരാജാബഹദൂർ | 4. | ഡ്യൂമർഗ് |
| | | 5. | പി. ഏ. വാര്യർ |

(A) a 2, b 4, c 1, d 5
(B) a 3, b 5, c 2, d 1
(C) a 3, b 4, c 2, d 1
(D) a 3, b 1, c 2, d 5

21. പട്ടണം എന്ന പ്രാചീന കേരളീയ നഗരം പരാമർശിക്കപ്പെടുന്ന കവിത
(A) തിരുനിഴൽമാല
(B) പയ്യന്നൂർപാട്ട്
(C) അനന്തപുരവർണ്ണനം
(D) ഉണ്ണുനീലി സന്ദേശം

22. 'പറഞ്ഞതിൽ പാതി പതിരായിപ്പോയി' എന്ന തിരിച്ചറിവ് പ്രകടിപ്പിച്ച കവി
(A) ബാലചന്ദ്രൻ ചുള്ളിക്കാട്
(B) അനിതാ തമ്പി
(C) സാംബശിവൻ മുത്താന
(D) അൻവർ അലി

23. 'പെൺമക്കളെ ഒന്നടക്കം വധിച്ച്കളയുക എന്നതാണ് ഈ കഥയുടെ സുന്ദരമായ ഗുണപാഠം.' പറഞ്ഞതാർ ?
(A) പുനത്തിൽ കുഞ്ഞബ്ദുള്ള
(B) വി.കെ.എൻ.
(C) ബഷീർ
(D) മാധവിക്കുട്ടി

24. 'ഓംമന്ത്കാൽജി' എന്ന കഥാപാത്രം ഏത് നോവലിസ്റ്റിന്റെ സൃഷ്ടി ?
(A) തകഴി
(B) കേശവ ദേവ്
(C) സി.വി. രാമൻ പിള്ള
(D) എസ്. കെ. പൊറ്റക്കാട്

25. 'അകലങ്ങളിലെ മനുഷ്യർ' എന്ന യാത്രാവിവരണ കൃതി രചിച്ചത് ?
(A) രവീന്ദ്രൻ
(B) ജോർജ്ജ് ഓണക്കൂർ
(C) സക്കറിയ
(D) രാജൻ കാക്കനാട്

26. എൻഡോസൾഫാൻ എന്ന കീടനാശിനിയാൽ ദുരിതമനുഭവിക്കുന്ന മനുഷ്യരുടെ ജീവിതം പ്രമേയമായ കൃതി
(A) തീയൂർ രേഖകൾ
(B) ആയുസ്സിന്റെ പുസ്തകം
(C) എൻ മകളെ
(D) അന്ധകാരനഴി

27. 'ആറന്മുള ഗ്രാമം' പരാമർശിക്കപ്പെടുന്ന പ്രാചീന കൃതി ?
(A) തിരുനിഴൽമാല
(B) ചന്ദ്രോത്സവം
(C) പയ്യന്നൂർപാട്ട്
(D) ചെങ്ങന്നൂരാതി

**28.** 'ആ പട്ടുക്കരവേഷ്ടിയുടെ പരുത്തിനൂൽ ഭാഗവും രക്ത പ്രോഷണംകൊണ്ടു മലിനമായും എല്ലാം കൂടി ഒരു പരിപൂർണ്ണ ശോണാംബരമായും തീർന്നിരുന്നു.' ഇതിൽ സമുച്ചയ നിപാത പ്രയോഗത്തിൽ തെറ്റുണ്ടോ ? ഉണ്ടെങ്കിൽ ഏതു ഭാഗം ?

(A) നൂൽ ഭാഗവും (B) മലിനമായും
(C) ശോണാംബരമായും (D) തെറ്റില്ല

**29.** ചേരുംപടി ചേർക്കുക.

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| (a) | ചെയ്യാം | 1. | ഭൂതകാലരൂപം |
| (b) | ചെയ്യണം | 2. | പേരെച്ചം |
| (c) | മൂടില്ലാത്ത | 3. | വിധായകപ്രകാരം |
| (d) | പറഞ്ഞു | 4. | അനുജ്ഞായകപ്രകാരം |
| | | 5. | സാംഖ്യം |

(A) a 5, b 2, c 3, d 1 (B) a 1, b 3, c 4, d 2
(C) a 4, b 3, c 2, d 1 (D) a 3, b 1, c 2, d 4

**30.** വിനയെച്ചം എന്ന പദത്തിലെ 'വിന' സൂചിപ്പിക്കുന്നത്

(A) ക്രിയ (B) നാമം
(C) ഭേദകം (D) കൃത്ത്

**31.** 'വക്കീലൻമാർ' ഇതിലെ 'അൻ'

(A) പുരപ്രത്യയം (B) ഇടനില
(C) പരപ്രത്യയം (D) ഇതൊന്നുമല്ല

**32.** 'ഓടുന്ന പട്ടിക്ക് ഒരുമുഴം മുൻപേ എറിഞ്ഞിട്ടും ഫലമില്ലാതായി.' ഇതിൽ വർത്തമാന പേരെച്ചം ഏത് ?

(A) ഒരു (B) ഓടുന്ന
(C) എറിഞ്ഞപ്പോൾ (D) പട്ടി

**33.** താഴെ കൊടുത്തിരിക്കുന്നതിൽ കാലക്രമമനുസരിച്ച് ശരിയേത് ?

(A) കുണ്ടറ വിളംബരം, മലബാർ കലാപം, ആറ്റിങ്ങൽ കലാപം, വൈക്കം സത്യാഗ്രഹം
(B) കുണ്ടറ വിളംബരം, ആറ്റിങ്ങൽ കലാപം, മലബാർ കലാപം, വൈക്കം സത്യാഗ്രഹം
(C) കുണ്ടറ വിളംബരം, ആറ്റിങ്ങൽ കലാപം, വൈക്കം സത്യാഗ്രഹം, മലബാർ കലാപം
(D) ആറ്റിങ്ങൽ കലാപം, കുണ്ടറ വിളംബരം, മലബാർ കലാപം, വൈക്കം സത്യാഗ്രഹം

**34.** ചേരുംപടി ചേർക്കുക.

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| (a) | കുറിഞ്ചി | 1. | മറവർ |
| (b) | മുല്ലൈ | 2. | കുറവർ |
| (c) | പാലൈ | 3. | ഉഴവർ |
| (d) | നെയ്തൽ | 4. | ഇടയർ |
| | | 5. | വാലർ |

(A) a 2, b 4, c 1, d 5 (B) a 1, b 2, c 3, d 5
(C) a 4, b 1, c 2, d 5 (D) a 1, b 3, c 4, d 2

35. താഴെ കൊടുത്തിരിക്കുന്നതിൽ കാലക്രമമനുസരിച്ച് ശരിയേത് ?
(A) മലബാർ മാന്വൽ, മൂഷകവംശം, കൊച്ചി രാജ്യ ചരിത്രം, പെരുമാൾസ് ഓഫ് കേരള
(B) മൂഷകവംശം, മലബാർ മാന്വൽ, കൊച്ചി രാജ്യ ചരിത്രം, പെരുമാൾസ് ഓഫ് കേരള
(C) മൂഷകവംശം, കൊച്ചി രാജ്യ ചരിത്രം, മലബാർ മാന്വൽ, പെരുമാൾസ് ഓഫ് കേരള
(D) മലബാർ മാന്വൽ, മൂഷകവംശം, പെരുമാൾസ് ഓഫ് കേരള, കൊച്ചി രാജ്യ ചരിത്രം

36. മാമാങ്കത്തിൽ ചാവേറുകളെ നിയോഗിക്കുന്നത് ?
(A) വള്ളുവക്കോനാതിരി (B) സാമൂതിരി
(C) കൊച്ചി രാജാവ് (D) കോലത്തിരി രാജാവ്

37. യുനെസ്കോ പൈതൃക കലയായി അംഗീകരിച്ച നാട്യകല
(A) കഥകളി (B) പാഠകം
(C) കൃഷ്ണനാട്ടം (D) കൂടിയാട്ടം

38. 'വാരിയം' എന്നത് കൊണ്ടു പഴയ കാലത്ത് അർത്ഥമാക്കിയിരുന്നത്
(A) രക്ഷാപുരുഷ സഭ (B) ക്ഷേത്ര ഭരണ സമിതി
(C) കച്ചവട സംഘം (D) നാട്ടുകൂട്ടം

39. 'ആ കുട്ടി ജയിച്ചു' എന്ന വാക്യത്തിലെ 'ആ' എന്നത്
(A) വിവേചക സർവ്വനാമം (B) സാഖ്യ സർവ്വനാമം
(C) ശുദ്ധ സർവ്വനാമം (D) നാമാംഗജ സർവ്വനാമം

40. താഴെ കൊടുത്തിരിക്കുന്നതിൽ പാർശ്വികം (lateral) ഏത് ?
(A) ള (B) ത
(C) ച (D) മ

41. താഴെ കൊടുത്തിരിക്കുന്നതിൽ പിൻവിനയെച്ചം
(A) ചാടിക്കേറി (B) കേറിച്ചാടി
(C) ചാടാൻകേറി (D) ചാടിയാൽകേറാം

42. ചേരുംപടി ചേർക്കുക.

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| (a) | കുറുപ്പില്ലാക്കളരി, പണ്ടത്തെപ്പാച്ചൻ | 1. | ഇ.വി. കൃഷ്ണ പിള്ള |
| (b) | പെണ്ണരശുനാട്, ബി.എ. മായാവി | 2. | ടി.എൻ. ഗോപിനാഥൻ നായർ |
| (c) | മിന്നൽ പ്രണയം, പ്രണയ ജാംബവാൻ | 3. | എൻ.പി. ചെല്ലപ്പൻ നായർ |
| (d) | വിധിയേവിധി, പിന്തിരിപ്പൻ പ്രസ്ഥാനം | 4. | സി.വി. രാമൻ പിള്ള |
| | | 5. | എം.കെ. കേശവ പിള്ള |

(A) a 4, b 1, c 3, d 2 (B) a 3, b 2, c 1, d 4
(C) a 1, b 5, c 2, d 3 (D) a 3, b 1, c 2, d 5

43. താഴെ കൊടുത്തിരിക്കുന്നവ കാലക്രമത്തിൽ എഴുതുക.
(A) ഭാസ്കര രവിവർമ്മ, രാമശേഖരവർമ്മ, സ്ഥാണു രവിവർമ്മ, ഇരവി ഇരവിവർമ്മ
(B) രാമശേഖരവർമ്മ, സ്ഥാണു രവിവർമ്മ, ഭാസ്കര രവിവർമ്മ, ഇരവി ഇരവിവർമ്മ
(C) ഇരവി ഇരവിവർമ്മ, സ്ഥാണു രവിവർമ്മ, രാമശേഖരവർമ്മ, ഭാസ്കര രവിവർമ്മ
(D) സ്ഥാണു രവിവർമ്മ, രാമശേഖരവർമ്മ, ഭാസ്കര രവിവർമ്മ, ഇരവി ഇരവിവർമ്മ

44. മരുമക്കത്തായ പരാമർശം ആദ്യമായി കാണപ്പെടുന്ന വിദേശിയ കൃതി
(A) ഹോർത്തൂസ് മലബാറിക്കൂസ്
(B) താവോഇചിലി
(C) മിറാബിലിയ ഡിസ്ക്രിപ്ഷ്യ
(D) പെരിപ്ളസ് ത്രൂദി എറിത്രിയൻ സീ

45. കാന്തളൂർ ശാലയെപ്പറ്റി പരാമർശിക്കുന്ന കാവ്യം
(A) ഉണ്ണിയച്ചീചരിതം (B) ഉണ്ണിയാടീചരിതം
(C) അനന്തപുരവർണ്ണനം (D) ഉണ്ണിച്ചിരുതേവീചരിതം

46. ചേരുംപടി ചേർക്കുക.

| പട്ടിക – I | | പട്ടിക – II | |
|---|---|---|---|
| (a) | കണ്ണീരും കിനാവും | 1. | ചെറുകാട് |
| (b) | ജീവിതപ്പാത | 2. | പി. കുഞ്ഞിരാമൻ നായർ |
| (c) | കവിയുടെ കാല്പാടുകൾ | 3. | വി.ടി. ഭട്ടതിരിപ്പാട് |
| (d) | ആത്മകഥ | 4. | ജി. ശങ്കരക്കുറുപ്പ് |
| | | 5. | ഇ.എം.എസ്. |

(A) a 3, b 5, c 2, d 1 (B) a 3, b 1, c 2, d 5
(C) a 4, b 5, c 3, d 1 (D) a 1, b 3, c 5, d 4

47. 'വിരുദ്ധങ്ങളായ ബിംബങ്ങൾകൊണ്ട് മാലകോർക്കുന്ന കവി രൂപശൈഥില്യത്തെ തന്റേതായ രീതിയിൽ ന്യായീകരിക്കുന്നുവെന്നോ ആവശ്യമാക്കുന്നുവെന്നോ പറയാം.' എ. അയ്യപ്പനെക്കുറിച്ചുള്ള ഈ നിരീക്ഷണം ആരുടേത് ?
(A) സുനിൽ പി. ഇളയിടം (B) പി. പവിത്രൻ
(C) കല്പറ്റ നാരായണൻ (D) പി.പി. രവീന്ദ്രൻ

48. താഴെ കൊടുത്തിരിക്കുന്നവ കാലക്രമത്തിലാക്കുക :
(A) കന്യക, ലേബർറൂം, അഗ്നി, രാവുണ്ണി
(B) അഗ്നി, രാവുണ്ണി, കന്യക, ലേബർറൂം
(C) കന്യക, രാവുണ്ണി, ലേബർറൂം, അഗ്നി
(D) കന്യക, അഗ്നി, രാവുണ്ണി, ലേബർറൂം

49. അന്യാപദേശ രീതി ഒട്ടേറെ കഥകളിൽ പ്രയോഗിച്ച കഥാകൃത്ത് ?
(A) എം. സുകുമാരൻ (B) സുഭാഷ് ചന്ദ്രൻ
(C) ബി. മുരളി (D) പ്രിയ എ.എസ്.

**50.** 'ദുരവസ്ഥ വീണ്ടും വന്നപ്പോൾ' എന്ന ചെറുകഥ ദളിത് വിരുദ്ധമാണെന്ന് കെ.കെ. കൊച്ചും അല്ലെന്ന് ഇ.പി. രാജഗോപാലനും തുടങ്ങിവച്ച സംവാദം ഏറെ ചർച്ച ചെയ്യപ്പെട്ടല്ലോ. ആരുടെ കഥയാണിത്.

(A) എസ്. വി. വേണുഗോപൻ നായർ (B) വി.പി. ശിവകുമാർ

(C) ഗ്രേസി (D) സി.വി. ശ്രീരാമൻ

**51.** താഴെ കൊടുത്തിരിക്കുന്നതിൽ ബദ്ധരൂപിമം

(A) മാല (B) ഇൽ

(C) പൂച്ച (D) പന

**52.** തലമുടി എന്നതിൽ മകാരം ഇരട്ടിക്കാത്തതിനു കാരണം

(A) 'മ' ശിഥില വ്യഞ്ജനമാണ് (B) 'മ' ദൃഢ വ്യഞ്ജനമാണ്

(C) ദ്വിത്വ സന്ധിയല്ല (D) ആഗമ സന്ധിയാണ്

**53.** പഴകിയ തരുവല്ലി മാറ്റിടാം
പുഴയൊഴുകും വഴി .....

(A) മാറ്റിനിർത്തിടാം (B) വേറെയാക്കിടാം

(C) മോളിലാക്കിടാം (D) വറ്റിയെന്നിടാം

**54.** വധം പ്രമേയമാക്കി മൂന്ന് ആട്ടക്കഥകൾ രചിച്ചത്

(A) ഇരയിമ്മൻ തമ്പി (B) കോട്ടയത്തു തമ്പുരാൻ

(C) കരിന്ദ്രൻ തമ്പുരാൻ (D) വയസ്ക്കര മൂസ്സ്

**55.** **കാര്യം** : സമർത്ഥമായ നാടക പാരമ്പര്യം മലയാളത്തിനുണ്ടെങ്കിലും നമ്മുടെ നാടക നിരൂപണ ശാഖ തികച്ചും ശുഷ്ക്കമാണ്.

**കാരണം** : രാഗവേദിയും നാടക സാഹിത്യവും തമ്മിൽ ആവശ്യമുണ്ടായിരിക്കേണ്ട പരസ്പര പൂരകത്വം സംബന്ധിച്ച നമ്മുടെ നിരൂപകരുടെ അജ്ഞത.

(A) കാര്യം ശരി, കാരണം തെറ്റ്.

(B) കാര്യവും കാരണവും ഭാഗികമായി മാത്രം ശരി.

(C) കാര്യവും, കാരണവും തെറ്റ്.

(D) കാര്യ ശരി, കാരണവും ശരി.

**56.** കൊയ്യുവാനോ ആ ജീവിതഭാരം
കൊണ്ടുതാനോ കുനിഞ്ഞൊരീമുത്തി
വായ്ച്ചെഴും കന്നിപ്പാടത്തൊരുണ്ണി-
യാർച്ചപോൽ പണ്ടു മിന്നിയ തമ്പി - കവിത.

(A) കുടിയൊഴിക്കൽ (B) മാമ്പഴം

(C) യുഗപരിവർത്തനം (D) കന്നിക്കൊയ്ത്ത്

**57.** സി.വി.യുടേതല്ലാത്ത കഥാപാത്രം

(A) കുഞ്ചൈക്കുട്ടി പിള്ള (B) വൈത്തിപ്പട്ടർ

(C) പവതിക്കൊച്ചി (D) മമാവെങ്കിടൻ

58. ജോർജ്ജ് മാത്തന്റേതല്ലാത്ത കൃതി
(A) സത്യവാദഖേടം (B) ബാലാഭ്യാസനം
(C) നിത്യശുദ്ധി (D) മലയാഴ്മയുടെ വ്യാകരണം

59. ഭാഷാപോഷിണി സഭയുടെ ആദ്യ പേര് ?
(A) കവിസമാജം (B) കാവ്യസമാജം
(C) കവിതാസമാജം (D) കവിലോകം

60. ഭാഷാവലോകനം എന്ന കൃതി ആരുടേത് ?
(A) മാരാർ (B) കെ. സുകുമാര പിള്ള
(C) പ്രഭാകര വാരിയർ (D) സി. എൽ. ആന്റണി

61. 'അതാവിളർത്തുപോയ് ബാല-
മനസ്സിൻ ശോണഭാവന' – എഴുതിയത്
(A) അക്കിത്തം (B) ആറ്റൂർ
(C) അയ്യപ്പപ്പണിക്കർ (D) സച്ചിദാനന്ദൻ

62. ഭാഷാചമ്പുക്കൾ – എഴുതിയത്
(A) കേസരി (B) ഉള്ളൂർ
(C) മാരാർ (D) കേരളവർമ്മ

63. __________ ജതം ജഗംഗം
(A) കേളീന്ദ്രവജ്രയ്ക്ക് (B) ഉപജാതിക്ക്
(C) ഉപേന്ദ്രവജ്രയ്ക്ക് (D) ചമ്പകമാലയ്ക്ക്

64. 'ഗുരുവാക്കാമിച്ഛപോലെ പാടി നീട്ടി ലഘുക്കളെ' – എവിടെ ?
(A) ഭാഷാവൃത്തങ്ങളിൽ (B) അർദ്ധ സമവൃത്തത്തിൽ
(C) സമവൃത്തത്തിൽ (D) ഇതൊന്നുമല്ല

65. ലീലാതിലകം ആദ്യമായി പരിഭാഷപ്പെടുത്തിയത്
(A) ആറ്റൂർ കൃഷ്ണപ്പിഷാരടി (B) കുഞ്ഞിക്കുട്ടൻ തമ്പുരാൻ
(C) അപ്പൻ തമ്പുരാൻ (D) കെ.വി.എം.

66. 'ബ്രാഹ്മണിപ്പാട്ടുകൾ' എന്നാൽ
(A) തിരുവാതിരക്കളിക്ക് ഉപയോഗിച്ചിരുന്ന പാട്ടുകൾ
(B) ഊഞ്ഞാൽപ്പാട്ടുകൾ
(C) ഭഗവതി ക്ഷേത്രങ്ങളിൽ പാടിയിരുന്ന പാട്ടുകൾ
(D) ബ്രാഹ്മണരെ പ്രീതിപ്പെടുത്താൻ അബ്രാഹ്മണർ പാടിയിരുന്ന പാട്ടുകൾ

67. മണിപ്രവാളത്തിലെ കേരള ഭാഷ
(A) പാമരജനപ്രസിദ്ധമായിരിക്കണം (B) അപാമരജനപ്രസിദ്ധമായിരിക്കണം
(C) വിഭക്ത്യന്തമായിരിക്കണം (D) ഇതൊന്നുമല്ല

68. ഭാഷയേറി വരുന്ന നല്ല മണിപ്രവാള മതെങ്കിലോ-
ഭൂഷണം വരുവാനുമില്ല വിശേഷഭൂഷണമായ് വരും.
ഈ വരികൾ

(A) കല്യാണസൗഗന്ധികം തുള്ളൽ
(B) കീചകവധം തുള്ളൽ
(C) സഭാപ്രവേശം തുള്ളൽ
(D) ശ്രീകൃഷ്ണചരിതം മണിപ്രവാളം

69. ആട്ടപ്പണ്ടാരങ്ങളും പാട്ടു പരിഷകളും ഏതു നാടകത്തിലെ കഥാപാത്രങ്ങൾ

(A) ആയഞ്ചേരി വല്യശമാൻ
(B) നാടുഗദ്ദിക
(C) കറുത്ത ദൈവത്തെ തേടി
(D) അവനവൻ കടമ്പ

70. ശ്രീമൂലവാസ പരാമർശമുള്ള കാവ്യം

(A) രാജതരംഗിണി
(B) തപതീസംസരണം
(C) മൂഷകവംശം
(D) രഘുവംശം

71. മലയാളം പോർച്ചുഗീസ് നിഘണ്ടു നിർമ്മിച്ചത്

(A) അർണ്ണോസ് പാതിരി
(B) ഗുണ്ടർട്ട്
(C) കോളിൻസ്
(D) ബഞ്ചമിൻ ബെയ്‌ലി

72. മരിച്ചവനെ കൊല്ലാൻ കഴിയില്ല എന്നത് ഈ കഥാകൃത്ത് ആവിഷ്ക്കരിച്ച സാഹിത്യ വീക്ഷണമായിരുന്നു. കഥാകൃത്താര് ?

(A) സി. അയ്യപ്പൻ
(B) ടി.കെ.സി. വടുതല
(C) സി.എസ്. ചന്ദ്രിക
(D) കെ.ആർ. മീര

73. പ്രാചീന കേരളീയ നാണയങ്ങളിൽ ഏറെയെണ്ണത്തെ പരാമർശിക്കുന്ന കൃതി

(A) ഉണ്ണിച്ചിരുതേവിചരിതം
(B) അനന്തപുരവർണ്ണനം
(C) ഉണ്ണിയച്ചീചരിതം
(D) ചന്ദ്രോത്സവം

74. വാങ്ങുക കുടിക്കുക പുറത്തേക്കെറിയുക
ജീവിതം നിറച്ചൊരീ കൂടുകൾ നാളേക്കില്ല
– ആരുടെ വരികൾ.

(A) വീരാൻകുട്ടി
(B) പി.പി. രാമചന്ദ്രൻ
(C) കെ.ആർ. ടോണി
(D) രാവുണ്ണി

75. 'ആതി' എന്നത് ആരുടെ കൃതി ?

(A) സെബീനാ റാഫി
(B) ബി.എം. സുഹ്റ
(C) സാറാ ജോസഫ്
(D) ഇന്ദു മേനോൻ